**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3027** **07-10-2025 - ൽ മറുപടിയ്ക്ക്**

**പേരാമ്പ്ര മണ്ഡലത്തിലെ വന്യമൃഗശല്യം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ വന്യമൃഗ ശല്യം ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിഭൂമികൾക്കും നിരന്തരമായ ഭീക്ഷണി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പേരാമ്പ്ര മണ്ഡലത്തിൽ മനുഷ്യവന്യജീവി സംഘർഷങ്ങൾ അനുഭവപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| (ബി) | വന്യമൃഗശല്യം നിയന്ത്രിക്കുന്നതിന് പേരാമ്പ്ര മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയിരിക്കുന്നത്; 2016 മുതൽ 2021 വരെയും 2021 മുതൽ നാളിതുവരെയും പ്രസ്തുത ആവശ്യത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; പദ്ധതികളുടെയും പ്രവൃത്തികളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം നൽകാമോ; | (ബി) | പേരാമ്പ്ര മണ്ഡലം ഉൾപ്പെടുന്ന പെരുവണ്ണാമൂഴി റെയിഞ്ചിൽ വന്യമൃഗങ്ങൾ ജനവാസമേഖലയിലേക്ക് ഇറങ്ങുന്നത് തടയാൻ വനാതിർത്തികളിൽ സോളാർ ഫെൻസിംഗുകൾ സ്ഥാപിച്ചിട്ടുണ്ട്.ജനവാസമേഖലയിലേക്ക് എത്തിച്ചേരുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയക്കുന്നതിനായി വാച്ചർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. 2016 മുതൽ 2021 വരെ 21,21,295/- രൂപയും 2021 മുതൽ നാളിതുവരെ 25,79,031/- രൂപയും ചെലവഴിച്ച് ആകെ 22 കി.മീ. സോളാർ ഫെൻസുകൾ നിർമ്മിച്ച് പരിപാലിച്ചു വരുന്നു. 2016 മുതൽ 2021 വരെ 2,64,391/- രൂപയും 2021 മുതൽ നാളിതുവരെ 42,20,405/- രൂപയും ജനവാസമേഖലയിൽ എത്തുന്ന വന്യമൃഗങ്ങളെ കാട്ടിലേക്ക് തിരിച്ചയക്കുന്നതിനായി വാച്ചർമാരെ നിയോഗിച്ച വകയിൽ ചെലവായിട്ടുണ്ട്. പേരാമ്പ്ര മണ്ഡലത്തിൽ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ അനുഭവപ്പെടുന്ന ചക്കിട്ടപാറ പഞ്ചായത്തിൽ ബഹു. മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ആരംഭിച്ച മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി ഹെൽപ് ഡെസ്ക് സ്ഥാപിച്ച് പരാതികൾ സ്വീകരിച്ചിട്ടുള്ളതാണ്. ചക്കിട്ടപാറ പഞ്ചായത്തിൽ ഒരു ജാഗ്രതാ സമിതിയും 6 സന്നദ്ധ പ്രാഥമിക പ്രതിരോധ സേനകളും (Primary Response Teams-PRTs)രൂപീകരിച്ചിട്ടുണ്ട്. താമരശ്ശേരി RRT യുടെയും പെരുവണ്ണാമൂഴി ഫോറസ്റ്റ് സ്റ്റേഷനിൽ പ്രവർത്തിക്കുന്ന സാറ്റലൈറ്റ് RRT യുടെയും സേവനം ഈ പ്രദേശങ്ങളിൽ എപ്പോഴും ലഭ്യമാണ്. |

| | | | |
|---|---|---|---|
| (സി) | പേരാമ്പ്ര മണ്ഡലത്തിൽ ചക്കിട്ടപാറ പഞ്ചായത്തിൽ പേരാമ്പ്ര എസ്റ്റേറ്റിൽ കാട്ടാനയുടെ ആക്രമണം മൂലം ഗുരുതരമായി പരിക്കേറ്റ തൊഴിലാളിക്ക് സമാശ്വാസ തുക (നഷ്ടപരിഹാരം) അനുവദിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (സി) | പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറ പഞ്ചായത്തിലെ പേരാമ്പ്ര എസ്റ്റേറ്റിൽ കാട്ടാനയുടെ മുന്നിൽപെട്ടുണ്ടായ അപകടത്തിൽ പരിക്കേറ്റ തൊഴിലാളിയുടെ ചികിത്സാ സഹായത്തിനുള്ള അപേക്ഷ ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തിരം 27/09/2025 ന- പെരുവണ്ണാമൂഴി റെയിഞ്ച് ഫോറസ്റ്റ് ഓഫീസിൽ ലഭിച്ചത് പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ